ദി കേരളാ ന്യൂസ്
നേരിന്റെ വഴിയിൽ ഒരു വാർത്താ സാരഥി

മാനേജിംഗ് എഡിറ്റർ
**കടവിള ഷാജി**

ചീഫ് എഡിറ്റർ
**കല്ലമ്പള്ളി കൃഷ്ണൻ നായർ**

എഡിറ്റോറിയൽ ബോർഡ്
**മുല്ലയ്ക്കൽ റഷീദ്**
**സുധാകരൻ പി.**
**ജോഫി പി. ജോയി**

ചീഫ് ജനറൽ മാനേജർ
**അർജുൻ കെ നായർ**

നിയമോപദേഷ്ടാവ്
**അഡ്വ. തസ്നിം മുജീബ്**

കവർ ഡിസൈൻ & പേജ് ലേ-ഔട്ട്
**രാഹുൽ. കെ. ആർ**

എഡിറ്റോറിയൽ ഓഫീസ്
**നൈസ്, ചാവടിമുക്ക്**
**ശ്രീകാര്യം പി.ഓ, തിരുവനന്തപുരം-695017**
**ഫോൺ : 9746751110, 8907723168**
**ഇ-മെയിൽ: newsthekerala@gmail.com**

Follow us on
thekeralanews thekeralanews

എഡിറ്റോറിയൽ



# മറക്കരുത് മറവി രോഗികളെ

ഒറ്റപ്പെട്ട് കഴിയുന്നവരിലാണ് രോഗം കൂടുതലായി കണ്ടുവരുന്നത്. പ്രത്യേകിച്ചും പ്രായമായവരിൽ മാനസിക സമ്മർദ്ദവും ജീവിത ശൈലി രോഗങ്ങളും കാരണം ഇപ്പോൾ യുവാക്കളിലും രോഗം കണ്ടുവരുന്നുണ്ട്. തൈറോയിഡ്, ഉറക്കക്കുറവ്, തുടങ്ങിയ പ്രശ്നങ്ങളും മറവിക്ക് കാരണമാകാം പക്ഷെ എല്ലാ മറവിയും അൽഷിമേഴ്സ് അല്ല.



സമീപ കാല സംഭവങ്ങൾ മറക്കുക, പതിവായി ഉപയോഗിക്കുന്ന സാധനങ്ങൾ എവിടെ വച്ചെന്ന് ഓർമ്മയില്ലാതാകുക, അടുത്ത ദിവസങ്ങളിൽ കണ്ട ആളുകളെ മറക്കുക, പതിവായി പറയുന്ന പേരുകൾ കിട്ടാതാകുക, കാര്യങ്ങൾ അവതരിപ്പിക്കാൻ ഭാഷയ്ക്ക് ബുദ്ധിമുട്ടുക, വാക്കുകൾ മറന്നുപോകുക, വീട്ടിലേയ്ക്കുള്ള വഴി മറക്കുക, രാവും പകലും തിരിച്ചറിയാതാകുക - ഇതൊക്കെയാണ് പ്രധാന ലക്ഷണങ്ങൾ

സംസ്ഥാനത്ത് മറവി രോഗത്തിന് ചികിത്സ തേടുന്നവരുടെ എണ്ണം കൂടിക്കൊണ്ടേയിരുന്നു. ആരോഗ്യ വകുപ്പിന്റെ കണക്കനുസരിച്ച് ഒമ്പത് വർഷത്തിനിടെ 16,867 പേരാണ് സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തിയത്.

60 വയസ്സിന് മുകളിലുള്ളവർക്കാണ് രോഗം കൂടുതലയാും കണ്ടെത്തുന്നത്. 2016 ൽ 475 പേർ മാത്രമേ ചികിത്സ തേടി എത്തിയിട്ടുള്ളൂ. കഴിഞ്ഞ വർഷം 3112 പേർ ചികിത്സ തേടി. രോഗലക്ഷണങ്ങൾ കണ്ടു തുടങ്ങുമ്പോൾ തന്നെ ചികിത്സിക്കാനെത്തുന്നതാണ് എണ്ണത്തിൽ വർദ്ധനയുണ്ടാക്കിയതെന്ന് ഡോക്ടർമാർ പറയുന്നു. സർക്കാർ ആശുപത്രികളിൽ സൗജന്യ രോഗ നിർണ്ണയവും ചികിത്സയും തുടർ പരിചരണവുമുണ്ട് രോഗം പൂർണ്ണമായി ഭേദമാക്കാനാവില്ല. തീവ്രമാകുന്നത് തടയാൻ കഴിയും.

ഒറ്റപ്പെട്ട് കഴിയുന്നവരിലാണ് രോഗം കൂടുതലായി കണ്ടുവരുന്നത്. പ്രത്യേകിച്ചും പ്രായമായവരിൽ മാനസിക സമ്മർദ്ദവും ജീവിത ശൈലീ രോഗങ്ങളും കാരണം ഇപ്പോൾ യുവാക്കളിലും രോഗം കണ്ടു വരുന്നുണ്ട്. തൈറോയിഡ്, ഉറക്കക്കുറവ്, തുടങ്ങിയ പ്രശ്നങ്ങളും മറവിക്ക് കാരണമാകാം പക്ഷെ എല്ലാ മറവിയും അൽസ്ഹൈമേഴ്സ് അല്ല.

മറവിരോഗം അനുഭവിക്കുന്ന വയോജനങ്ങൾക്ക് സഹായകമാകേണ്ട് ഓർമ്മത്തോണി പദ്ധതി ഇപ്പോൾ പ്രതിസന്ധിയിലാണ്.




അതുപോലെ തന്നെയാണ് വയോജനങ്ങൾക്ക് വേണ്ടിയുള്ള വയോമിത്രം പദ്ധതിയുടെയും അവസ്ഥ. ഈ രണ്ട് പദ്ധതികളിലൂടെയും ഒട്ടേറെ വയോധികർ ദുരിതത്തിൽ നിന്ന് കരകയറിയിട്ടുണ്ടെന്ന കാര്യം മറച്ചുവയ്ക്കുന്നില്ല. പക്ഷെ സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം പദ്ധതികൾക്ക് ഇപ്പോൾ ഫണ്ട് അനുവദിക്കുന്നതിൽ നിയന്ത്രണം വന്നതോടെ വയോജനങ്ങൾ കഷ്ടത്തിലായി. എന്നു പറയുന്നതായിരിക്കും ശരി

ഓർമ്മത്തോണി പദ്ധതിയുടെ പ്രഖ്യാപനത്തോടൊപ്പം ഇതുസംബന്ധിച്ച കൈപ്പുസ്തകവും പുറത്തിറക്കിയിരിക്കുന്നു. എന്നാൽ നിലവിൽ പദ്ധതിയുടെ പ്രവർത്തനത്തിൽ കാര്യമായ പുരോഗതിയുമുണ്ടായിട്ടില്ല. ഡിമെൻഷ്യ അഥവാ അൽഷിമേഴ്സ് രോഗീ സൗഹൃദ കേരളം സൃഷ്ടിക്കാൻ വേണ്ടി ആരംഭിച്ച പദ്ധതിയാണിത്. രോഗലക്ഷണങ്ങൾ കണ്ടെത്തുന്നവർക്ക് പരിചരണത്തിലൂടെ രോഗതീവ്രത കുറയ്ക്കാനും ബുദ്ധിമുട്ടുകൾ ലഘൂകരിക്കാനുമുള്ള സഹായം ലഭ്യമാക്കുകയായിരുന്നു ലക്ഷ്യം. ഹെൽപ്പ്ലൈൻ, വെബ്സൈറ്റ്, കെയർസെന്റർ, ഓർമ്മ ക്ലിനിക്, എന്നിവയിലൂടെ പരിചരണം നൽകാനാണ് പദ്ധതി നിർദ്ദേശിക്കുന്നത്. രോഗം സ്ഥിരീകരിക്കുന്നവരെ ജില്ലാ മാനസികാരോഗ്യ പദ്ധതിയിലേയ്ക്ക് തൊട്ടടുത്ത ആശുപത്രിയിലേയ്ക്കോ റഫർ ചെയ്യും. മരുന്നുകൾ വയോമിത്രം പദ്ധതിയിലൂടെ ലഭ്യമാക്കും. ഇങ്ങനെ വയോജനങ്ങൾക്ക് കൈത്താങ്ങാവുമായിരുന്ന പദ്ധതിയാണ് എങ്ങുമെത്താതെ അവതാളത്തിലായിരിക്കുന്നത്. തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ പകൽ വീടുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപനമുണ്ടായിരുന്നെങ്കിലും ഒന്നും നടപ്പായില്ല.

**കേരളത്തിൽ തുടങ്ങിവച്ച ഓർമ്മത്തോണി, വയോമിത്രം, എന്നീ പദ്ധതികൾ പ്രതിസന്ധിയിലാണ്. മറവിരോഗം ബാധിച്ചവരെ സഹായിക്കാൻ ലക്ഷ്യമിട്ടുള്ള ഈ പദ്ധതികൾ ഒരു കാരണവശാലും മുടങ്ങിക്കൂടാ.**

വയോമിത്രം പദ്ധതിയുടെ കാര്യമെടുത്താൽ കരാർ ജീവനക്കാർക്ക് ശമ്പളവും വാഹനങ്ങൾക്ക് വാടകയും മാസങ്ങളായി മുടങ്ങിക്കിടക്കുകയാണ്. കഴിഞ്ഞ വർഷത്തെ ബജറ്റിൽ പദ്ധതിക്ക് വേണ്ടി 27.5 കോടി രൂപയാണ് പ്രഖ്യാപിച്ചിരുന്നതെങ്കിലും വെറും അഞ്ചുകോടി മാത്രമാണ് ലഭ്യമായത്. 65 വയസ്സിന് മുകളിലുള്ളവർക്ക് നഗര പ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കും കൗൺസിലിംഗും വൈദ്യസഹായം വിഭാവനം ചെയ്തിരുന്നത്. പക്ഷെ കാര്യമായി ഒന്നും സംഭവിച്ചില്ല.

പിഴവുകളും അനാസ്ഥകളും ദുരീകരിച്ച് പദ്ധതി പ്രവർത്തകരെ ഊർജ്ജിതരാക്കി. ഓർമ്മത്തോണി, വയോമിത്രം, പദ്ധതികളെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയണം. ഇല്ലെങ്കിൽ വയോജനങ്ങൾക്ക് സങ്കടവും നിരാശയും ഉണ്ടാവുകയും അത് വിഷാദയോഗത്തിലേയ്ക്ക് നയിക്കുകയും ചെയ്തേയ്ക്കാം. മാത്രവുമല്ല, കൂടുതൽ കാലം ജീവിക്കുമ്പോൾ ഒറ്റപ്പെടലും പ്രിയപ്പെട്ടവരുടെ മരണവും ആരോഗ്യപ്രശ്നങ്ങളുമൊക്കെ വന്നുപെടാനും സാധ്യതയുണ്ട്. കൂടാതെ പരമ്പരാഗത കുടുംബ ഘടനകളുടെ തകർച്ചയും കുറഞ്ഞുവരുന്ന സാമൂഹിക പിന്തുണയും അവരുടെ മാനസികാരോഗ്യത്തെ ബാധിക്കുന്നുണ്ട്. ഇതിനെല്ലാമുപരിയായി ഹൃദ്രോഗം, പ്രമേഹം, സന്ധിവാതം, തുടങ്ങിയ വിട്ടുമാറാത്ത രോഗങ്ങൾ വേദനക്കും ക്ഷീണത്തിനും നിസ്സഹായതയ്ക്കും കാരണമാകും. ഇതെല്ലാം ആത്യന്തികമായി നയിക്കുന്നത് വിഷാദ രോഗത്തിലേയ്ക്ക് തന്നെ.

ആഗോള ജനസംഖ്യയിൽ പ്രായമായവരുടെ എണ്ണം ദിനംപ്രതി വർദ്ധിപ്പിക്കുകയാണ്. ഇൻഡ്യ ഉൾപ്പെടെയുള്ള പല രാജ്യങ്ങളും ഇത് ഗൗരവമായി കണ്ട് വയോജന ക്ഷേമ പദ്ധതികളുമായി മുന്നോട്ടുപോകുകയാണ്. ഈ സന്ദർഭത്തിൽ വളരെയേറെ പ്രത്യാശകൾ സൃഷ്ടിച്ച പദ്ധതികൾ പോലും മുട്ടിലിഴയുന്ന സ്ഥിതി ഒഴിവാക്കണം. ഓർമ്മത്തോണിയെ മറക്കരുത്. വയോമിത്രത്തെയും ആഗോള ജനസംഖ്യയിൽ പ്രായമായവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇൻഡ്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ ഇതിനെ ഗൗരവമായി കണ്ട് വയോജനത ക്ഷേമ പദ്ധതികളുമായി മുന്നോട്ടുപോകുകയാണ്. കേരളത്തിൽ തുടങ്ങിവച്ച ഓർമ്മത്തോണി, വയോമിത്രം, എന്നീ പദ്ധതികൾ പ്രതിസന്ധിയിലാണ്. മറവിരോഗം ബാധിച്ചവരെ സഹായിക്കാൻ ലക്ഷ്യമിട്ടുള്ള ഈ പദ്ധതികൾ ഒരു കാരണ